**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6221** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനം കയ്യേറ്റം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വനഭൂമിയുടെ സംരക്ഷണത്തിനായി വനഭൂമിയും, സ്വകാര്യഭൂമിയും വേർതിരിച്ചുകൊണ്ടുള്ള ജണ്ടകളുടെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വനാതിർത്തി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വന സംരക്ഷണത്തിനായി സംരക്ഷണ ജീവനക്കാർ, പ്രൊട്ടക്ഷൻ വാച്ചർമാർ എന്നിവരെ നിയോഗിക്കുകയും കർശന മായ അതിർത്തി പരിശോധന, പട്രോളിംഗ്, ഇന്റീരിയർ പെരാമ്പുലേഷൻ എന്നിവ നടത്തിയും, കയ്യേറ്റ ശ്രമങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തിയും, കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി വനനിയമങ്ങൾ പ്രകാരം നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. വനം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്യുകയും, കുറ്റവാളികളെ കണ്ടെത്തി കോടതിയിൽ ചാർജ്ജ് ചെയ്ത് പരമാവധി ശിക്ഷ ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ, വന സംരക്ഷണത്തിന്റെ ഭാഗമായി വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വനംസംരക്ഷണം സംബന്ധിച്ച് ആവശ്യമായ പരിശീലനം വിവിധ തലങ്ങളിൽ നൽകി വരുന്നുണ്ട്. കൂടുതൽ സൗകര്യങ്ങളോടെ പുതിയ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര ഹെക്ടർ ഒഴിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | 2021 വർഷത്തിനു ശേഷം 31.05.2024 വരെ 6.0832 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. കൂടാതെ സൗത്ത് വയനാട് ഡിവിഷനിൽ 13.00 ഹെക്ടർ വനഭൂമിയിൽ നിന്നും കയ്യേറ്റക്കാർ സ്വമേധയ ഒഴിഞ്ഞു പോയിട്ടുണ്ട്. സംസ്ഥാനത്ത് ഇനി ഒഴിപ്പിക്കുവാനുള്ള വനഭൂമി കയ്യേറ്റം 4975.5239 ഹെക്ടറാണ്. |

സെക്ഷൻ ഓഫീസർ